എ.വൈ.ആർ


## സൂറ-11

# ഹൂദ്

وَيَٰقَوۡمِ ٱسۡتَغۡفِرُواْ رَبَّكُمۡ ثُمَّ تُوبُوٓاْ إِلَيۡهِ يُرۡسِلِ ٱلسَّمَآءَ عَلَيۡكُم مِّدۡرَارٗا
وَيَزِدۡكُمۡ قُوَّةً إِلَىٰ قُوَّتِكُمۡ وَلَا تَتَوَلَّوۡاْ مُجۡرِمِينَ ٥٢

52 എന്റെ ജനമേ, നിങ്ങളുടെ വിധാതാവിനോട് പാപമോചനം തേടുവിൻ. എന്നിട്ട് അവങ്കലേക്ക് മടങ്ങിച്ചെല്ലുവിൻ. അവൻ നിങ്ങൾക്ക് ഇടതടവില്ലാതെ മാനത്തെ അയച്ചുതരും. നിങ്ങൾക്ക് ഇപ്പോഴുള്ള ശക്തിയിലേക്ക് കൂടുതൽ ശക്തി ചേർത്തുതരികയും ചെയ്യും. പാപമൂർത്തികളായി എന്റെ സത്യസന്ദേശത്തിൽനിന്ന് പിന്തിരിയാതിരിക്കുവിൻ.

قَالُواْ يَٰهُودُ مَا جِئۡتَنَا بِبَيِّنَةٖ وَمَا نَحۡنُ بِتَارِكِيٓ ءَالِهَتِنَا عَن قَوۡلِكَ وَمَا
نَحۡنُ لَكَ بِمُؤۡمِنِينَ ٥٣

53 അവർ ഘോഷിച്ചു: അല്ലയോ ഹൂദ്; നീ ഞങ്ങൾക്ക് ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നീ പറഞ്ഞതു കൊണ്ടുമാത്രം ഞങ്ങൾക്ക് സ്വന്തം ദൈവങ്ങളെ കൈവെടിയാനാവില്ല. ഞങ്ങൾ നിന്നെ വിശ്വസിക്കാനും പോകുന്നില്ല.

إِن نَّقُولُ إِلَّا ٱعۡتَرَىٰكَ بَعۡضُ ءَالِهَتِنَا بِسُوٓءٖۗ قَالَ إِنِّيٓ أُشۡهِدُ ٱللَّهَ وَٱشۡهَدُوٓاْ
أَنِّي بَرِيٓءٞ مِّمَّا تُشۡرِكُونَ ٥٤

54 നിന്നെ നമ്മുടെ ദൈവങ്ങളിലാരുടെയോ ശാപം ബാധിച്ചിരിക്കുന്നുവെന്നേ ഞങ്ങൾ പറയൂ. ഹൂദ് പറഞ്ഞു: ഞാൻ അല്ലാഹുവിനെ സാക്ഷിയാക്കുന്നു; നിങ്ങളും സാക്ഷികളാകുവിൻ; എന്തെന്നാൽ നിങ്ങൾ അല്ലാഹുവിന്റെ പങ്കാളികളാക്കിയവരിൽ നിന്നെല്ലാം ഞാൻ മുക്തനാകുന്നു.

مِن دُونِهِۦۖ فَكِيدُونِي جَمِيعٗا ثُمَّ لَا تُنظِرُونِ ٥٥

55 അവനല്ലാത്തവരെയൊന്നും എനിക്കശേഷം ഭയമില്ല. അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങളെല്ലാവരും ഒറ്റക്കെട്ടായി എനിക്കെതിരെ പ്രവർത്തിച്ചുകൊള്ളുക. പിന്നെ രക്ഷപ്പെടാൻ എനിക്കൊട്ടും അവസരം തരേണ്ടതില്ല.

إِنِّى تَوَكَّلْتُ عَلَى ٱللَّهِ رَبِّى وَرَبِّكُم ۚ مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ ۚ إِنَّ
رَبِّى عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٦﴾

**56** എന്റെയും നിങ്ങളുടെയും വിധാതാവായ അല്ലാഹുവിൽ സർവം സമർപ്പിച്ചിരിക്കുകയാണ് ഞാൻ. യാതൊരു ജീവിയുമില്ല; അതിന്റെ മൂർധാവിൽ അവൻ പിടിച്ചിട്ടല്ലാതെ. നിസ്സംശയം എന്റെ നാഥൻ നേരായ പാതയിലാകുന്നു.

وَيَـٰقَوْمِ= എന്റെ ജനമേ ٱسْتَغْفِرُوا۟= നിങ്ങൾ പാപമോചനം തേടുവിൻ

رَبَّكُمْ= നിങ്ങളുടെ വിധാതാവിനോട് ثُمَّ= എന്നിട്ട്

تُوبُوٓا۟= നിങ്ങൾ (പശ്ചാത്തപിച്ചു)മടങ്ങി ചെല്ലുവിൻ إِلَيْهِ= അവങ്കലേക്ക്

يُرْسِلِ= എങ്കിൽ അയച്ചുതരും ٱلسَّمَآءَ= മാനത്തെ(മഴയെ)

عَلَيْكُم= നിങ്ങളുടെ മേൽ مِّدْرَارًا= തുടർച്ചയായി, ഇടതടവില്ലാതെ

وَيَزِدْكُمْ= അവൻ നിങ്ങൾക്ക് കൂടുതൽ (ചേർത്തു) തരികയും ചെയ്യും

قُوَّةً= ശക്തിയെ إِلَىٰ قُوَّتِكُمْ= നിങ്ങളുടെ (ഇപ്പോഴുള്ള) ശക്തിയിലേക്ക്

وَلَا تَتَوَلَّوْا۟= നിങ്ങൾ (എന്റെ സത്യസന്ദേശത്തിൽനിന്ന്) പിന്തിരിയാതിരിക്കുവിൻ

مُجْرِمِينَ= കുറ്റവാളികളായി (പാപമൂർത്തികളായി)

قَالُوا۟= അവർ ഘോഷിച്ചു يَـٰهُودُ= അല്ലയോ ഹൂദ്

مَا جِئْتَنَا بِبَيِّنَةٍ= നീ ഞങ്ങൾക്ക് (ഒരു) തെളിവ്(ും) കൊണ്ടുവന്നിട്ടില്ല

وَمَا نَحْنُ= ഞങ്ങൾ അ(ശ്ക്ക് ആവി)ല്ല بِتَارِكِىٓ= വെടി(യാൻ)യുന്നവർ

ءَالِهَتِنَا= ഞങ്ങളുടെ(സ്വന്തം) ദൈവങ്ങളെ

عَن قَوْلِكَ= നിന്റെ വാക്കിനാൽ(നീ പറഞ്ഞതുകൊണ്ടുമാത്രം)

وَمَا نَحْنُ= ഞങ്ങൾ അല്ല (പോകുന്നില്ല) لَكَ= നിന്നെ بِمُؤْمِنِينَ= വിശ്വസിക്കുന്നവരും(ക്കാനും)

إِن نَّقُولُ إِلَّا ٱعْتَرَىٰكَ= നിന്നെ ബാധിച്ചു എന്നല്ലാതെ ഞങ്ങൾ പറയില്ല

(ബാധിച്ചിരിക്കുന്നു എന്നേ ഞങ്ങൾ പറയൂ)

بَعْضُ ءَالِهَتِنَا= നമ്മുടെ ചില ദൈവങ്ങൾ(ളുടെ) بِسُوٓءٍ= ദോഷംകൊണ്ട് (ശാപം)

قَالَ= അദ്ദേഹം(ഹൂദ്) പറഞ്ഞു إِنِّىٓ= തീർച്ചയായും ഞാൻ

أُشْهِدُ ٱللَّهَ= അല്ലാഹുവിനെ സാക്ഷിയാക്കുന്നു وَٱشْهَدُوٓا۟= നിങ്ങളും സാക്ഷിയാകുവിൻ

أَنِّى بَرِىٓءٌ= എന്തെന്നാൽ ഞാൻ ഉത്തരവാദിത്വ മുക്തനാകുന്നു

مِّمَّا تُشْرِكُونَ= നിങ്ങൾ പങ്കുചേർക്കുന്നതിൽനിന്ന് (അല്ലാഹുവിന്റെ

പങ്കാളികളാക്കിയവരിൽനിന്നെല്ലാം)

مِن دُونِهِۦ= അവനെക്കൂടാതെ (അവനല്ലാത്തവരെയൊന്നും എനിക്കശേഷം ഭയമില്ല)

فَكِيدُونِى= നിങ്ങൾ എന്നെ (നിക്കെതിരെ) തന്ത്രം പ്രവർത്തിച്ചുകൊള്ളുക

جَمِيعًا= എല്ലാവരും (ഒറ്റക്കെട്ടായി) ثُمَّ= പിന്നെ

(രക്ഷപ്പെടാൻ) എനിക്ക് (ഒട്ടും) അവസരം തരേണ്ടതില്ല =لَا تُنظِرُونِ

ഞാൻ (സർവവും) സമർപ്പിച്ചിരിക്കുന്നു, ഭരമേൽപിച്ചിരിക്കുന്നു =إِنِّى تَوَكَّلْتُ

എന്റെയും നിങ്ങളുടെയും വിധാതാവായ =رَبِّى وَرَبِّكُمْ അല്ലാഹുവിൽ =عَلَى ٱللَّهِ

അവൻ പിടി(ച്ചിട്ട്)ക്കുന്നവൻ ആയിട്ട് അല്ലാതെ =إِلَّا هُوَ ءَاخِذٌۢ ഒരു ജീവിയുമില്ല =مَّا مِن دَآبَّةٍ

നിശ്ചയമായും എന്റെ നാഥൻ =إِنَّ رَبِّى അതിന്റെ മൂർധാവിൽ =بِنَاصِيَتِهَآ

നേരായ പാതയിലാകുന്നു =عَلَىٰ صِرَٰطٍ مُّسْتَقِيمٍ

**52:** അതിനാൽ അത്തരം നടപടികളെല്ലാം വർജിച്ച് നിങ്ങളുടെ യഥാർഥ വിധാതാവായ അല്ലാഹുവിനോട് മാപ്പുതേടുക. തുടർന്ന് ഞാൻ പറയുന്ന പ്രകാരം അല്ലാഹുവിൽ വിശ്വാസമർപ്പിച്ച്, അവൻ നിശ്ചയിച്ച മാർഗത്തിലൂടെ അവങ്കലേക്ക് തിരിച്ചു ചെല്ലുക. അതു മരണാനന്തര ജീവിതം മാത്രമല്ല ഭൗതിക ജീവിതവും ധന്യമാക്കും. നിങ്ങൾക്ക് ധാരാളം മഴ ലഭിച്ചുകൊണ്ടിരിക്കും. يُرْسِلِ ٱلسَّمَآءَ عَلَيْكُم مِّدْرَارًا (ആകാശത്തെ നിങ്ങൾക്കു മീതെ തുടർച്ചയായി അയക്കും) എന്നാണ് മൂലവാക്യം. മഴയാണ് ഇതുകൊണ്ട് ഉദ്ദേശ്യമെന്നതിൽ ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ തർക്കമില്ല. ചുരത്തൽ, ചൊരിയൽ എന്നർഥമുള്ള در ൽ നിന്നുള്ളതാണ് مدرار. അധികമധികം ചുരത്തുന്നതായ നിലയിൽ എന്നാണർഥം. ആവശ്യത്തിനും താൽപര്യത്തിനും ഇണങ്ങുന്ന വിധം മഴ ലഭിച്ചുകൊണ്ടിരിക്കുമെന്ന ആശയമാണ് ഈ പദപ്രയോഗം സൂചിപ്പിക്കുന്നത്. ആപൽകരമാം വണ്ണം പ്രചണ്ഡമായി കുത്തിച്ചൊരിയുന്ന പേമാരി ماء منهمر ആണ്. അതാണ് നൂഹ് നബിയുടെ പ്രളയകാലത്തുണ്ടായ മഴ. അനുകൂലമായ കാലാവസ്ഥയിൽ വിളവുകൾ വർധിക്കും. നിങ്ങളുടെ ശക്തി നാൾക്കുനാൾ വർധിച്ചു കൊണ്ടിരിക്കും. എന്റെ സന്ദേശം അവഗണിച്ച് ദുർമാർഗത്തിലൂടെ തന്നെ മുന്നോട്ടുപോവുകയാണെങ്കിൽ ഫലം നേരെ വിപരീതമായിരിക്കും.

ഇബാദത്തുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരലോകനേട്ടം പരാമർശിക്കാതെ പാപമോചനത്തെയും –إستغفار– തൗബയെയും മഴയെയും ഭൗതികമായ ശാക്തീകരണത്തെയും പരാമർശിച്ചത് ശ്രദ്ധേയമാകുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ ഇതിനെ രണ്ടു തരത്തിൽ വിശദീകരിച്ചിരിക്കുന്നു. ഒന്ന്, ആദ് ഒരു കർഷക ജനതയായിരുന്നു. മഴയെയും ജലലഭ്യതയെയും ആശ്രയിച്ചായിരുന്നു അവരുടെ ശക്തിയും സമ്പന്നതയും. പ്രവാചകൻ ഹൂദ് ആഗതനാകുന്ന കാലത്ത് അവർ അനാവൃഷ്ടിയുടെ വിഷമം അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ധർമഭ്രഷ്ടരായ ജനങ്ങളിൽ ദൈവബോധം ഉണർത്താൻ അല്ലാഹു ഏർപ്പെടുത്തിയ പരീക്ഷണമായിരുന്നു അനാവൃഷ്ടി. പ്രവാചകന്മാരുടെ ആഗമനത്തോടനുബന്ധിച്ച് അത്തരം പരീക്ഷണങ്ങൾ ഏർപ്പെടുത്തുക അപൂർവമല്ല. ഫറവോനികളെ ഈ വിധത്തിലുള്ള അനേകം പരീക്ഷണങ്ങൾക്കു വിധേയരാക്കിയതായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. മഴയുടെ ദൗർലഭ്യം മൂലം ആദ് വർഗത്തിന്റെ കൃഷികൾ ക്ഷയിച്ചു. അത് അവരുടെ ഭൗതിക ശക്തിയെയും സംഖ്യാബലത്തെയും പ്രതികൂലമായി ബാധിച്ചു. ഈ സാഹചര്യത്തിൽ നിങ്ങൾ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പാപകൃത്യങ്ങളും വെടിഞ്ഞ് ഏകനായ അല്ലാഹുവിൽ വിശ്വസിച്ച് അവൻ അനുശാസിച്ച ധർമങ്ങളനുഷ്ഠിച്ച് ജീവിക്കാൻ തയാറാവുകയാണെങ്കിൽ ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ജലക്ഷാമവും വിഭവ ദൗർലഭ്യവും ശക്തിക്ഷയവുമെല്ലാം പരിഹരിക്കപ്പെടുമെന്ന് ഉണർത്തുകയാണ് ഹൂദ്(അ).

രണ്ട്, ആദുവർഗത്തിന്റെ നിലപാട് ഇതായിരുന്നു: തങ്ങൾ വിശ്വസിച്ചാരാധിച്ചു വരുന്ന ദൈവങ്ങളുടെ അനുഗ്രഹം കൊണ്ടും ആചാരങ്ങളുടെ മേന്മകൊണ്ടുമാണ് ഈ സമൃദ്ധിയും ശക്തിയുമൊക്കെ ഉണ്ടായത്. ഈ വിശ്വാസങ്ങളും ആചാരങ്ങളും കൈവെടിഞ്ഞാൽ ദൈവങ്ങൾ തങ്ങളോടു കോപിക്കും. അനുഗ്രഹങ്ങളെല്ലാം പിൻവലിക്കപ്പെടും. കൊടിയ ദാരിദ്ര്യവും ശക്തിക്ഷയവുമായിരിക്കും അതിന്റെ ഫലം. ഈ ആശങ്കയകറ്റാൻ പ്രവാചകൻ പറയുകയാണ്. നിങ്ങൾക്ക് എല്ലാ ജീവിത സൗഭാഗ്യങ്ങളും നൽകിക്കൊണ്ടിരിക്കുന്നത് ഏകനായ അല്ലാഹുവാണ്. അല്ലാതെ, നിർജീവ വിഗ്രഹങ്ങളോ സങ്കൽപ ദൈവങ്ങളോ അല്ല. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പാപങ്ങൾ വർജിച്ച് ആ അല്ലാഹുവിൽ വിശ്വാസം അർപിച്ച് പാപമോചനം തേടുകയും അവൻ അനുശാസിച്ച ധർമമാർഗമവലംബിച്ച് വ്യാജദൈവങ്ങളെ വെടിഞ്ഞ് അവനിലേക്കു മടങ്ങുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്ക് ഇപ്പോ

ഴുള്ള സമ്പൽ സമൃദ്ധിയും ശക്തി സൗഭാഗ്യങ്ങളും ക്ഷയിക്കുകയല്ല കൂടുതൽ പുഷ്ടിപ്പെടുകയാണ് ചെയ്യുക.

ഇവിടെ സൂചിപ്പിക്കുന്ന തൗബ –പശ്ചാത്താപം– സാമൂഹികമായ തൗബയാണ്. അതായത് സാമൂഹികമായ മാറ്റം. വ്യക്തിഗത തൗബക്കെന്നപോലെ സാമൂഹികമായ തൗബക്കും നിഷേധാത്മകവും ക്രിയാത്മകവുമായ രണ്ടു ഘടകങ്ങളുണ്ട്. നിലവിലുള്ള അന്ധവിശ്വാസങ്ങളും അധാർമികമായ സാമൂഹിക സമ്പ്രദായങ്ങളും കൈവെടിയുകയാണ് നിഷേധാത്മക ഘടകം.

ٱسْتَغْفِرُوا۟ എന്ന വാക്ക് പ്രതിനിധീകരിക്കുന്നത് ഈ ഘടകത്തെയാണ്. സത്യവിശ്വാസം കൈക്കൊള്ളുകയും സദാചാരങ്ങളിലും സുധർമങ്ങളിലും ഏർപ്പെടുകയുമാണ് തൗബയുടെ ക്രിയാത്മക ഘടകം. تُوبُوٓا۟ إِلَيْهِ എന്നവാക്യം ഈ ഘടകത്തെ പ്രതിനിധാനം ചെയ്യുന്നു. പ്രഥമ ഘടകത്തിന്റെ സ്രോതസ്സ് ദൈവത്തിലുള്ള ഭയഭക്തിയാണ്. രണ്ടാമത്തെ ഘടകത്തിന്റേത് നിഷ്കളങ്കമായ ദൈവസ്നേഹവും. ഈ രണ്ടു ഘടകങ്ങളിൽ നിന്നും മുക്തമായ തൗബ വ്യക്തിയുടേതായാലും സമുദായത്തിന്റേതായാലും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല.

നിങ്ങളുടെ ശക്തി വർധിപ്പിക്കും وَيَزِدْكُمْ قُوَّةً إِلَىٰ قُوَّتِكُمْ എന്ന വാക്യം കൊണ്ടുദ്ദേശ്യം രാഷ്ട്രീയ ശക്തിയുടെ വികാസമാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത്, നിങ്ങളുടെ രാഷ്ട്രീയാധികാരം ഇപ്പോഴുള്ളതിനെക്കാൾ വളരെയേറെ വികസിക്കും. നിങ്ങളോടേറ്റുമുട്ടുന്നവരൊക്കെ പരാജയപ്പെടും. യുദ്ധങ്ങളിൽ നിങ്ങൾക്കുണ്ടാകുന്ന വിജയങ്ങൾ നിങ്ങളുടെ ആരാധ്യരുടെ അനുഗ്രഹമാണെന്ന വിചാരം മൂഢമാണ്. അല്ലാഹുവാണ് എല്ലാം നൽകുന്നത്. അവന്റെ പ്രീതി നേടിയവർക്ക് അവനത് കൂടുതൽ കൂടുതൽ നൽകിക്കൊണ്ടിരിക്കും.

വൃഷ്ടിയും അനാവൃഷ്ടിയും ശീതോഷ്ണങ്ങളുമൊക്കെ പ്രകൃതിയുടെ ചര്യകളാണ്. പ്രകൃതിയുടെ പ്രവർത്തനത്തിന് അല്ലാഹു സുസ്ഥിരമായ ഒരു വ്യവസ്ഥ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് അതിന്റെ പ്രവർത്തനം. എങ്കിൽ പിന്നെ അല്ലാഹുവിന്ന് അടിമപ്പെടുന്നവർക്ക് –ഇബാദത്തു ചെയ്യുന്നവർക്ക്– മഴ വർഷിച്ചു കൊടുക്കുമെന്നും ഭൗതിക ശക്തി വർധിപ്പിക്കുമെന്നും പറയുന്നതിന്റെ സാംഗത്യമെന്താണ് എന്ന് ചോദിച്ചേക്കാം. അതിനു നൽകപ്പെടുന്ന മറുപടി ഇതാണ്: പ്രകൃതിയുടെ ഉടമയും വിധാതാവും അല്ലാഹുവാണ്. അവൻ നിശ്ചയിച്ചതാണതിന്റെ പ്രയാണ വ്യവസ്ഥകൾ. അതിൽ താൽകാലികമോ സ്ഥിരമോ ആയ മാറ്റങ്ങൾ വരുത്താനും അവന്നധികാരമുണ്ട്. ആ അധികാരവും തദനുസാരമായ ഇടപെടലുകളും കൂടി പ്രകൃതിക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥയുടെ ഭാഗമാകുന്നു. ഇത്തരം ഇടപെടലുകൾ ചിലപ്പോൾ ജനതകൾക്ക് അനുകൂലമായും ചിലപ്പോൾ പ്രതികൂലമായും വരും. അനുകൂലമായ ഇടപെടലിനെ കുറിച്ചാണ് *അത്ത്വലാഖ്* 2,3 സൂക്തങ്ങളിൽ وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا (അല്ലാഹുവിൽ ഭയഭക്തിയുള്ളവനായി വർത്തിക്കുന്നവന് അവൻ ക്ലേശങ്ങളിൽനിന്ന് മോചനമാർഗമൊരുക്കി കൊടുക്കും. അവന്ന് ഊഹിക്കാനാവാത്ത മാർഗത്തിലൂടെ വിഭവങ്ങളരുളുകയും ചെയ്യും) എന്നു പ്രസ്താവിച്ചത്. പ്രതികൂലമായ ഇടപെടലിനെക്കുറിച്ച് സൂറ *അൽ അഅ്റാഫ്* 182–ാം സൂക്തത്തിൽ പ്രസ്താവിച്ചു: وَٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِنَا سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ (നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിക്കളഞ്ഞവരെ നാം അവർക്കറിഞ്ഞുകൂടാത്ത മാർഗത്തിലൂടെ നാശത്തിലേക്ക് കൊണ്ടുപോകുന്നു). പ്രകൃതിയുടെ സ്വാഭാവിക ചലനത്തിൽ നിന്നുള്ള വ്യതിയാനമാണ് മനുഷ്യർക്ക് ഊഹിക്കാനും അറിയാനും കഴിയാത്തത്. ആദ് ഥമൂദ് വർഗങ്ങൾ നേരിട്ട ദുരന്തവും അവരിലാഗതരായ പ്രവാചകന്മാർക്ക് ലഭിച്ച രക്ഷയും ഇത്തരത്തിലുള്ളതായിരുന്നു.

**53:** ഏകനായ സാക്ഷാൽ ദൈവമല്ലാതെ ദൈവമേതുമില്ല അതിനാൽ മനുഷ്യൻ ഏകദൈവത്തിനു മാത്രമേ അടിമപ്പെടാവൂ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥٓ എന്ന ഹൂദ് നബിയുടെ പ്രബോധനത്തിന് സമൂഹത്തിൽ നിന്നുണ്ടായ മറുപടിയാണിത്. സാരമിതാണ്: ഹേ ഹൂദ്, ഒരുവൻ ദൈവദൂതനാണ് എന്നവകാശപ്പെടുന്നതും, സമുദായം ആരാധിച്ചുവരുന്ന ദൈവങ്ങളെയൊക്കെ കൈവെടിഞ്ഞ് താൻ നിർദേശിക്കുന്ന ദൈവത്തെ മാത്രം ആരാധിച്ചുകൊള്ളണമെന്നാവശ്യപ്പെടുന്നതും ചില്ലറ കാര്യമല്ല, അതി ഗുരുതരമായ കാര്യമാണ്. ഈ നാട്ടിലെ ഒരു സാധാരണ മനുഷ്യൻ മാത്രമാണ് നീ. നിന്നെപ്പോലൊരാൾ ഒരുനാൾ ഞാൻ ദൈവദൂതനാണെന്നവകാശപ്പെട്ടുകൊണ്ട് രംഗപ്രവേശം ചെയ്താൽ അതപ്പടി വിശ്വസിക്കാൻ മാത്രം വിഡ്ഢികളാണ് ഞങ്ങളെന്നു വിചാരിച്ചുവോ? ദൈവദൂതനായി വരുന്നവർ വെറുതെ കൈയും വീശി ഇങ്ങുവന്നാൽ പോരാ, താൻ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്നതിന് വ്യക്തമായ തെളിവുമായിട്ടുവേണം വരാൻ. നീയാവട്ടെ യാതൊരു തെളിവും കൊണ്ടുവന്നിട്ടില്ല. തെളി

വുകൊണ്ട് അവരുദ്ദേശിക്കുന്നത് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുകയാണ്. ഒന്നുകിൽ ദൈവം നേരിട്ടുവന്ന്, ഇതാ ഇദ്ദേഹത്തെ നാം നമ്മുടെ ദൂതനായി നിയോഗിച്ചിരിക്കുന്നുവെന്ന് അവരോടു പറയുക. അല്ലെങ്കിൽ ദൂതന്റെ കൂടെ മലക്കുകളെ അയച്ച് ദൗത്യം സാക്ഷ്യപ്പെടുത്തിക്കുക. അതുമല്ലെങ്കിൽ മാനുഷിക ശേഷിക്കതീതമായ അതിഭൗതിക പ്രതിഭാസങ്ങൾ പ്രത്യക്ഷപ്പെടുത്തുക. മരുഭൂമിയിൽ നദിയൊഴുക്കുക, ശാദ്വലമായ തോട്ടങ്ങൾ ഉളവാക്കുക, സ്വർണമാളികകൾ പണിയുക, ആകാത്തിന്റെ ഖണ്ഡങ്ങൾ വീഴ്ത്തുക എന്നിങ്ങനെ പല ആവശ്യങ്ങളും ഇക്കൂട്ടത്തിൽ അവിശ്വാസികൾ പ്രവാചകന്മാർക്കുനേരെ ഉന്നയിക്കാറുള്ളതായി ഖുർആൻ പല സന്ദർഭങ്ങളിലും ഉദ്ധരിക്കുന്നുണ്ട്. ഈ സൂറയിലെ 12-ാം സൂക്തം ഉദാഹരണം.

തലമുറകളായി ആരാധിച്ചുവരുന്ന ദൈവങ്ങളെ ഞങ്ങൾ കൈവെടിയുമെന്ന് അശേഷം വ്യാമോഹിക്കേണ്ട. മഹാന്മാരായ പൂർവികർ കൈമാറിയ പാവന പൈതൃകങ്ങൾ വല്ലവന്റെയും വാക്കുകേട്ട് വലിച്ചെറിയാനുള്ളതല്ല. നീ വിശ്വസിക്കാനാവശ്യപ്പെടുന്ന ദൈവത്തെ ഞങ്ങൾക്കൊട്ടും പരിചയവുമില്ല. ഞങ്ങളെ സമൃദ്ധിയും പ്രതാപവുമരുളി സംരക്ഷിച്ചു വരുന്ന ഈ ദൈവങ്ങളെ മാത്രമേ ഞങ്ങൾക്കറിയൂ. ഞങ്ങളൊരിക്കലും നിന്റെ പ്രവാചകത്വവാദം വിശ്വസിക്കാൻ പോകുന്നില്ല. ഒരാളുടെ വാക്കുകളെയും പ്രവൃത്തികളെയും സത്യപ്പെടുത്തുന്നതിനാണ് آمن له എന്നു പറയുക. ءَامَنَ بِهِ ക്ക് അസ്തിത്വത്തെയും കഴിവുകളെയും ആജ്ഞാനിരോധങ്ങളെയും സത്യപ്പെടുത്തുക എന്ന ആശയവും കൂടിയുണ്ട്.

**54,55:** നിന്റെ ഈ പുറപ്പാടിനെക്കുറിച്ച് ഞങ്ങൾക്ക് ഇതേ പറയാനുള്ളൂ. ഞങ്ങളുടെ ദൈവങ്ങളെ ആരാധിക്കാതെ ദൈവനിന്ദകനായി നടന്നതുകാരണം അവരിൽ ആരോ നിന്നിൽ കോപിക്കുകയും ശാപം ചൊരിയുകയും ചെയ്തിരിക്കുന്നു. അങ്ങനെ നിനക്ക് ഭ്രാന്തു പിടിച്ചിരിക്കുകയാണ്. ഒരു ഭ്രാന്തന്റെ ജൽപനങ്ങളിൽ കവിഞ്ഞ ഒരു വിലയും ഞങ്ങൾ നിന്റെ പ്രഘോഷണത്തിനു കൽപിക്കുന്നില്ല. നിനക്കു രക്ഷവേണമെങ്കിൽ അതെല്ലാം ഉപേക്ഷിച്ച് ദൈവങ്ങളോട് മാപ്പ് തേടി വേണ്ട പൂജാ കർമങ്ങൾ ചെയ്തുകൊള്ളുക.

ഇത്രയും കേട്ടപ്പോൾ ഹൂദ് നബിയുടെ ആദർശവീര്യം വിജ്രംഭിക്കുകയും അദ്ദേഹം ഇടയിൽ കയറി സംസാരിച്ചു തുടങ്ങുകയും ചെയ്തുവെന്നാണ് വചനശൈലിയിൽനിന്ന് വ്യക്തമാകുന്നത്. അദ്ദേഹം പറയുന്നു: എന്റെ ദൗത്യത്തിനുള്ള സാക്ഷ്യമാണല്ലോ നിങ്ങളാവശ്യപ്പെടുന്നത്. എന്റെ സാക്ഷി എന്നെ നിയോഗിച്ച അല്ലാഹു തന്നെയാണ്. പ്രപഞ്ചത്തിലുള്ള സകലതും അവന്റെ അസ്തിത്വത്തെയും കഴിവുകളെയും സ്വഭാവങ്ങളെയും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആ സാക്ഷ്യങ്ങളെ കണ്ണുതുറന്നുകാണുകയും അംഗീകരിക്കുകയും ചെയ്യുന്നുവെങ്കിൽ, അതിന്റെ അനിവാര്യ താൽപര്യങ്ങളാണ് ഞാൻ പ്രബോധനം ചെയ്യുന്ന സന്ദേശങ്ങളും എന്നെപ്പോലുള്ള സന്ദേശവാഹകരുടെ നിയോഗവും എന്ന് നിങ്ങൾക്കു ബോധ്യമാകും. അതിനാൽ അല്ലാഹുവല്ലാതെ വേറെ യാതൊരു ദൈവവുമില്ലെന്നതിനും അവനു മാത്രമേ വഴിപ്പെടാവൂ എന്നതിനും അവനെ കൂടാതെ നിങ്ങൾ ആരാധിക്കുന്ന സകലമാന ദൈവങ്ങളോടും എനിക്കു യാതൊരു ബന്ധമോ ഉത്തരവാദിത്വമോ ഇല്ലെന്നതിനും ഞാനിതാ ആ ഏകദൈവത്തെ സാക്ഷിയാക്കുന്നു. ഈ സംഗതികൾക്ക് നിങ്ങളും സാക്ഷ്യം വഹിച്ചുകൊള്ളുക. എനിക്ക് നിങ്ങളുടെ ചില ദൈവങ്ങളുടെ ശാപമേറ്റിരിക്കുന്നു എന്നാണല്ലോ നിങ്ങൾ പറയുന്നത്. ചില ദൈവങ്ങൾ മാത്രമാക്കേണ്ട, നിങ്ങളും നിങ്ങളുടെ എല്ലാ ദൈവങ്ങളും ഒറ്റക്കെട്ടായി ചേർന്ന് എന്നെ നശിപ്പിക്കാൻ എന്തെല്ലാം തന്ത്രങ്ങൾ ചെയ്യാൻ കഴിയുമോ, അതൊക്കെ ചെയ്തു കൊള്ളുക. എനിക്ക് രക്ഷപ്പെടാൻ ഒരു പഴുതും തരേണ്ട; കാണാമല്ലോ ആ ദൈവങ്ങളുടെ ഊറ്റവും നിങ്ങളുടെ സാമർഥ്യവും.

**56:** ഇതാണ് ലോകത്തെ മുഴുവൻ വെല്ലുവിളിക്കുമ്പോൾ ഹൂദ് നബി അണിയുന്ന കവചം. ഇതുതന്നെയാണ് പ്രതിലോമ ശക്തികളെയും ശത്രുക്കളെയും നേരിടാൻ ദൈവപ്രബോധകന്മാർക്ക് എക്കാലത്തുമുള്ള ഏറ്റം ബലവത്തായ പടച്ചട്ട. ഹൂദ് നബി പ്രഖ്യാപിക്കുന്നതിതാണ്: ഞാനെന്റെ കാര്യങ്ങൾ പൂർണമായും അല്ലാഹുവിൽ സമർപ്പിച്ചിരിക്കുന്നു. അവൻ എന്റെ മാത്രം നിയന്താവല്ല, നിങ്ങളുടെയും നിയന്താവാണ്. അവൻ നൽകുന്ന രക്ഷയെയോ ശിക്ഷയെയോ തോൽപിക്കാൻ പ്രപഞ്ചത്തിലൊരു ശക്തിക്കും സാധ്യമല്ല. ലോകത്തൊരാൾക്കും എന്തുസുഖദുഃഖങ്ങളുണ്ടാകുന്നതും അവന്റെ അനുമതിയോടെ മാത്രമാണ്. സകല ജന്തുജാലങ്ങളുടെയും മൂർധാവ് അവന്റെ കൈപ്പിടിയിലാണ്. مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ അവൻ അനുവദിച്ച പരിമിതമായ സ്വാതന്ത്ര്യത്തിനകത്തേ അവക്ക് ചലിക്കാ

നാവൂ. ചലനങ്ങൾ അനുവദിക്കാനെന്നപോലെ വിലക്കാനും അവന്നധികാരമുണ്ട്. പിന്നെ ഞാനെന്തിന് സർവശക്തനും പരമാധികാരിയുമായ അല്ലാഹുവിനെ വിട്ട് അവന്റെ നിയന്ത്രണത്തിലുള്ള അസ്വതന്ത്രരും ദുർബലരുമായ ജീവികളെ ഭയപ്പെടണം?!

إِنَّ رَبِّى عَلَىٰ صِرَٰطٍ مُّسْتَقِيمٍ എന്റെ നാഥൻ നേരായ പാതയിലാകുന്നു – എന്നതിന്റെ വിവക്ഷ അല്ലാഹുവിന് മാർഗഭ്രംശമില്ലെന്നോ അവൻ ചരിക്കുന്നത് ശരിയായ വഴിയിലൂടെയാണെന്നോ അല്ല; അല്ലാഹുവിലെത്താൻ വളഞ്ഞുതിരിഞ്ഞ ബഹുവിധ മാർഗങ്ങളില്ല; ഒരൊറ്റ നേർവഴിയേ ഉള്ളൂ എന്നാണ്. അതായത്, നിങ്ങളുടെ വിശ്വാസമനുസരിച്ച് ദൈവങ്ങൾ പലതാണ്. അവയിലെത്താൻ ബഹുവിധ വഴികളും മാധ്യമങ്ങളും ആവശ്യമാകുന്നു. എന്നാൽ എന്റെ ബുദ്ധിക്കും പ്രകൃതിക്കും അവനുമായി നേരിട്ടു ബന്ധമുണ്ട്. എനിക്ക് മധ്യസ്ഥന്മാരുടെ ആവശ്യമേതുമില്ല. നിഷ്കളങ്കവും സത്യസന്ധവുമായ മനസ്സോടെ അവനിലേക്ക് തിരിയുകയേ വേണ്ടൂ. അപ്രകാരം മുഖം തിരിച്ചാൽ എന്റെ നേർദിശയിൽ തന്നെ അവനുണ്ടാകും.

വിഗ്രഹാരാധനയെ ന്യായീകരിക്കാൻ എല്ലാ ബഹുദൈവ വിശ്വാസികളും ഉന്നയിക്കാറുള്ള ന്യായത്തിന്റെ ഖണ്ഡനവും കൂടി ഉൾക്കൊള്ളുന്നുണ്ടീ വചനം. ബഹുദൈവത്വത്തിന്റെയും പദാർഥങ്ങൾ ദൈവങ്ങളാകുന്നതിന്റെയും യുക്തി ശൂന്യതക്കു മുമ്പിൽ പിടിച്ചു നിൽക്കാൻ ഉന്നയിക്കപ്പെടുന്ന ആ ന്യായം ബഹുദൈവങ്ങൾ ഓരോന്നും പരമേശ്വരന്മാരാണെന്ന് കരുതുന്നില്ലെന്നും പരമേശ്വരൻ ഒന്നേയുള്ളൂവെന്നും ആ പരമേശ്വരനെ മനുഷ്യന് നേരിട്ട് പ്രാർഥിക്കാനാവാത്തതിനാൽ അവനിലേക്കെത്താനുള്ള മാധ്യമമായിട്ടാണ് ഉപദൈവങ്ങളെ ആരാധിക്കുന്നതെന്നുമാണ് مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ (ഞങ്ങളെ അല്ലാഹുവിലേക്ക് അൽപം അടുപ്പിക്കാൻ മാത്രമാണ് ഞങ്ങളവരെ ആരാധിക്കുന്നത്). ഈ നിലപാട് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ജനങ്ങളെ തടയുകയും ദൈവിക മാർഗത്തെ വക്രീകരിക്കുകയും ചെയ്യുക എന്ന കുറ്റമായി ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. ٱلَّذِينَ يَصُدُّونَ عَن سَبِيلِ ٱللَّهِ وَيَبْغُونَهَا عِوَجًا (7:45). അതേ അന്ധവിശ്വാസത്തെ ഖണ്ഡിക്കുകയാണ് ഹൂദ് നബിയും ചെയ്യുന്നത്. അല്ലാഹുവുമായി ഉപദൈവങ്ങളുടെയോ ശിപാർശകരുടെയോ മാധ്യസ്ഥമില്ലാത്ത, നേരിട്ടുള്ള ബന്ധത്തിന്റെ അറിവും അനുഭൂതിയുമാണ് തൗഹീദിന്റെ യാഥാർഥ്യം. മനസ്സിൽ ഈ അനുഭൂതിയില്ലാത്തവർക്ക് നിഷ്കളങ്കമായ തവക്കൽ –സമർപ്പണം– ചെയ്യാനും സകലമാന കൃത്രിമ ദൈവങ്ങളെയും വെല്ലുവിളിക്കാനും സാധ്യമാവുകയില്ല. ■